**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 465** **28-06-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ ജീവനക്കാർക്കുള്ള ഭവന വായ്പ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ജീവനക്കാർക്കുള്ള ഭവന വായ്പയ്ക്കുള്ള യോഗ്യതാ മാനദണ്ഡങ്ങളിൽ 5 വർഷം സർവ്വീസ് എന്നതിൽ ഇളവുകൾ അനുവദിക്കുന്നകാര്യം പരിഗണനയിൽ ഉണ്ടോ; വ്യക്തമാക്കുമോ; | (എ) | 12/11/2009-ലെ സ.ഉ.(പി)നം.505/2009/ധന പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും നൽകി വന്നിരുന്ന ഭവന നിർമ്മാണ വായ്പ 05/07/2018-ലെ സ.ഉ.(പി)നം.105/2018/ധന, 11/09/2018-ലെ സ.ഉ.(പി)നം.143/2018/ധന, 18/01/2019-ലെ സർക്കുലർ നം.06/2019/ധന എന്നിവ പ്രകാരം പരിഷ്കരിച്ചിട്ടുള്ളതാണ്. സംസ്ഥാന സർവ്വീസിൽ 5 വർഷം മുഴുവൻ സമയ സേവനം പൂർത്തിയായതും, 50 മാസ സർവ്വീസ് (മുൻ സാമ്പത്തിക വർഷത്തെ മാർച്ച് 31 പ്രകാരം) അവശേഷിക്കുന്നതുമായ സർക്കാർ ജീവനക്കാർ പരിഷ്കരിച്ച ഭവന വായ്പ സബ്സിഡി പദ്ധതി പ്രകാരം 2018-19 സാമ്പത്തിക വർഷം മുതൽ ഭവന നിർമ്മാണ വായ്പ ബാങ്ക്/ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങൾ മുഖേനയാണ് എടുക്കേണ്ടത്. സർക്കാർ നേരിട്ട് ഭവന നിർമ്മാണ വായ്പ അനുവദിച്ചിരുന്നപ്പോഴും 5 വർഷത്തെ മുഴുവൻ സമയ സേവനം പൂർത്തിയാക്കിയവർക്കാണ് അർഹതയുണ്ടായിരുന്നത്. 5 വർഷത്തെ മുഴുവൻ സമയ സേവനം എന്ന വ്യവസ്ഥയിൽ ഇളവ് അനുവദിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |
| (ബി) | പ്രൊബേഷൻ കാലാവധി വിജയകരമായി പൂർത്തീകരിച്ചവരെ യോഗ്യതാമാനദണ്ഡങ്ങളിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) | പ്രൊബേഷൻ കാലാവധി വിജയകരമായി പൂർത്തീകരിച്ച ജീവനക്കാർ 5 വർഷത്തെ സേവന കാലയളവ് എന്ന യോഗ്യതാ മാനദണ്ഡം കൂടി പാലിക്കുന്നുണ്ടെങ്കിൽ മാത്രമേ സർക്കാർ ഭവന വായ്പ എടുക്കുന്നതിന് സാധിക്കുകയുള്ളൂ. അല്ലാത്ത പക്ഷം ടി ജീവനക്കാരെ സർക്കാർ ഭവന വായ്പ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നിലവിലെ നിയമ പ്രകാരം വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ